## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1837 04.10.2011 - ൽ മറുപടിക്ക്

### എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിഭാഗം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്ജ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർവിന്യസിച്ച എത്ര ക്ലാർക്കുമാർ നിലവിൽ ജോലി ചെയ്തുവരുന്നു; ഉദ്യോഗസ്ഥരെ എത്ര വർഷത്തേക്കാണ് പുനർവിന്യസിച്ചിട്ടുള്ളത്; | (എ) | പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർ വിന്യസിച്ച 233 ക്ലർക്കുമാർ ഇപ്പോൾ തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗത്തിൽ ജോലി ചെയ്തുവരുന്നു. മൂന്ന വർഷത്തേക്കാണ് ടി ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥരിൽ എത്രപേർ എത്ര തവണ മാതൃ വകുപ്പിലേക്ക് തിരിച്ചുപോകാൻ ഓപ്ഷൻ നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം എത്ര പേരെ ഇതുവരെ മാതൃവകുപ്പിലേക്ക് തിരിച്ചുവിട്ടുവെന്നും വ്യക്തമാക്കുമോ; | (ബി)&<br>(സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും ഓപ്ഷൻ ചോദിച്ചതനുസരിച്ച് 133 ക്ലർക്കുമാർ തിരിച്ച് പോകുന്നതിനായി ഓപ്ഷൻ നൽകിയിട്ടുണ്ട്. മാതൃ വകുപ്പിലേക്ക് ഇതുവരെ ആരെയും തിരിച്ചുവിട്ടിട്ടില്ല. മാതൃ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരെ ഈ വകുപ്പിലേക്ക്പുനർവിന്യസിക്കുന്നതിനനുസരിച്ച് ഇവരെ തിരിച്ചയയ്ക്കുന്നതാണ്. |
| (സി) | ഇപ്രകാരം അവശേഷിക്കുന്ന ക്ലാർക്കുമാരെ മാതൃ വകുപ്പിലേക്ക് തിരിച്ചയക്കുന്നതിന് വിഘാതമാകുന്ന സംഗതി എന്താണ്? | | |

സെക്ഷൻ ഓഫീസർ